# അക്കാദമിക മാസ്റ്റർപ്ലാൻ

**ഗവണ്മെന്റ് എൽ. പി സ്കൂൾ കൊളവള്ളി**

**2025 - 2026**

# അക്കാദമിക മാസ്റ്റർ പ്ലാൻ



ജി. എൽ. പി സ്കൂൾ കൊളവള്ളി 2025 –2026

ആമുഖം

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ പാടിച്ചിറ വില്ലേജിൽ സീതാമൗണ്ടിൽ സ്ഥിതി ചെയ്യുന്ന കൊളവള്ളി ഗവണ്മെന്റ് എൽ. പി സ്കൂൾ പതിറ്റാണ്ടുകൾക്ക്മുൻപ് ആരംഭിച്ചതാണ്.1969–70 കാലഘട്ടത്തിൽ നാട്ടുപള്ളിക്കൂടമായി ആരംഭിച്ച്, 1973 ഒക്ടോബർ 5 ന് ഗവ. എൽ. പി. സ്കൂൾ ആയി.ഒരുപാട് പാരാധീനതകൾക്കും ഇല്ലായ്മകൾക്കും ശേഷം ഡി. പി. ഇ. പി, എസ്. എസ്. കെ ഇവയുടെ വരവോടെ സ്കൂൾ വളർച്ചയുടെ പടവുകൾ കയറി തുടങ്ങി.സ്കൂളിന്റെ അക്കാദമികവും, ഭൗതികവും ഗുണ പരവുമായ നേട്ടങ്ങൾക്ക പിന്നിൽ ഒരുപാട് പേരുടെ പ്രയത്നം ഉണ്ട്.വാർഡ് മെമ്പർമാർ, ത്രിതല പഞ്ചായത്ത്, എസ്. എസ്. എ ,ഗവണ്മെന്റ്, സാമൂഹിക പ്രവർത്തകർ, നാട്ടുകാർ, രക്ഷിതാക്കൾ,അധ്യാപകർ, സംഘടനകൾ തുടങ്ങി ഈ സരസ്വതി ക്ഷേത്രത്തിന്റെ വളർച്ചക്ക് സഹായിച്ചവർ ഏറെ ഉണ്ട്.

സീതാമൗണ്ട് – കൊളവള്ളി റോഡിന് ഇരു വശത്തുമായി സ്കൂൾ കെട്ടിടം എട്ടാം വാർഡിലും കളി സ്ഥലം ഏഴാം വാർഡിലുമായി ഒരു ഏക്കർ സ്ഥല വിസ്തൃതി സ്കൂളിനുണ്ട്.ഇന്നാട്ടിലെ ജനങ്ങളുടെ ചിരകാല സ്വപ്നസാക്ഷാ–ത്ക്കാരമാണ് ഈ വിദ്യാലയം. കാലം മാറുന്നതിന് അനുസരിച്ച് സ്കൂളും മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നു.

വിദ്യാലയ ചരിത്രം.

1969–70 കാലഘട്ടത്തിൽ കൊളവള്ളി, സീതാമൗണ്ട്, ചാമപ്പാറ,പറുദീസ എന്നിവിടങ്ങളിലെ പ്രദേശ–വാസികളുടെയും, കുടിയേറ്റ കർഷകരുടെയും മക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിന് വേണ്ടി ആരംഭി–ച്ചതാണ് ഈ വിദ്യാലയം." എഴുത്ത് പള്ളിക്കൂടം" എന്നായിരുന്നു സ്കൂൾ അറിയപ്പെട്ടിരുന്നത്. തെരുവപുല്ല് മേഞ്ഞ രണ്ട് ഷെഡ്ഡുകളായിരുന്നു അന്നുണ്ടായിരുന്നത്. നീറനാനിക്കൽ വർക്കി, ഊർപ്പൻകാട്ടിൽ വർക്കി, ചാക്കോ, ചെമ്പനാൽ വർക്കി എന്നിവർ സ്കൂളിന് സ്ഥലം നൽകി.രണ്ട് അധ്യാപകർ മാത്രമാണ് അന്നുണ്ടായിരുന്നത്. നാട്ടുകാർ പിരിവിട്ട് അവർക്ക് വേതനവും നൽകി.

കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കിയാൽ സർക്കാർ അംഗീകാരം ലഭിക്കുമെന്ന വാഗ്ദാനത്തിൽ ശ്രീ. ചെമ്പനാൽ വർക്കിയുടെ നേതൃത്വത്തിൽ രണ്ട് ഓടിട്ട കെട്ടിടങ്ങളും അത്യാവശ്യം ഫർണീച്ചറുകളും നാട്ടുകാർ ഒരുക്കി. 1973 സർക്കാർ അംഗീകാരം ലഭിച്ചതോടെ മരക്കടവ് ഗവണ്മെന്റ് എൽ. പി സ്കൂളിലെ ശ്രീ. നാരായണൻ മാഷിനെ 1973 ഒക്ടോബർ 2 ന് ഹെഡ് മാസ്റ്റർ ഇൻ ചാർജ് ആയി നിയമിച്ചു.ഒന്നാം ക്ലാസ്സിൽ 117 കുട്ടികളുമായി അധ്യയനം ആരംഭിച്ച ജി. എൽ. പി. എസ് കൊളവള്ളിയിൽ കെ. ഗോപാലൻ,കുഞ്ഞൻനായർ എന്നീ രണ്ട് ഹെഡ് മാസ്റ്റർമാർ ഓരോ വർഷവും ചാർജ് എടുത്തു.

ഇന്ന് കാണുന്ന സ്കൂൾ കെട്ടിടം നിർമ്മിച്ചത് 2000 ൽ ആണ്. 2006 ൽ എസ്. എസ്. എ ഓഫീസ് ഉള്ള കെട്ടിടവും, 2012 ൽ ഒരു ഹാളും നിർമ്മിച്ചു.പിന്നീട് ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്തോടെ വിശാലമായ സ്റ്റേജ്, പൂർവ്വവിദ്യാർത്ഥികളുടെ ധന സഹായത്തോടെ കമാനവും, എസ്.എസ്.കെ യുടെ സഹായത്തോടെ ആറ്

പുതിയ ടോയ്‌ലറ്റുകളും, ബ്ലോക്ക് - ഗ്രാമ പഞ്ചായത്തിന്റെ സഹായത്തോടെ കോമ്പൗണ്ട് പൂർണ്ണമായും ഇന്റർലോക്ക് വിരിക്കുകയും ചെയ്തു. എസ്. എസ്. കെ യുടെ ധനവിനിയോഗത്തിൽ ഏറ്റവും കൂടുതൽ ആകർഷണീയമായ സ്റ്റാർസ് വർണ്ണക്കൂടാരം പദ്ധതി പ്രീ - പ്രൈമറി വിഭാഗത്തിനായി പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

മത്സരപരീക്ഷകളിലും അക്കാദമിക അനക്കാദാമിക പ്രവർത്തനങ്ങളിലും ഈ വിദ്യാലയത്തിലെ കുട്ടികൾ ഉന്നത നിലവാരം പുലർത്തുന്നു.2012 ൽ ആരംഭിച്ച പ്രീ -പ്രൈമറിയും ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളും ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു.ഉന്നതിയിൽ നിന്നുള്ള കുട്ടികളെ ലക്ഷ്യമാക്കി വിദ്യാവാഹിനി യാത്ര പദ്ധതി നടപ്പിലാക്കി വരുന്നു.കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ ഇത് ഒരു പരിധി വരെ സഹായിക്കുന്നു.ജനറൽ വിഭാഗം കുട്ടികളെ രക്ഷിതാക്കൾ തന്നെ മുൻകൈ എടുത്ത് സ്കൂളിൽ എത്തിക്കുന്നു.

ലക്ഷ്യങ്ങൾ:-

- സ്കൂളിൽ എത്തിചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുന്നു.
- കുട്ടികളുടെ സർഗ്ഗപരവും കായികപരവും അക്കാദമികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് കലാ -കായിക, അക്കാദമിക മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക.
- വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുന്നു.
- എല്ലാ വിദ്യാർത്ഥികളും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ എഴുതാനും വായിക്കാനും പഠിക്കുന്നു.
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാൻ ഉതകുന്നു
- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തരാകുന്നു.
- ഗണിതപഠനം ആസ്വാദ്യകരമാകുന്നു.
- പരിസ്ഥിതിയെ സംരക്ഷിക്കാനും പരിപോഷിപ്പിക്കുവാനുമുള്ള മനോഭാവം വളർത്തുന്നു.
- പിന്നോക്കക്കാരെ പ്രത്യേകം പരിഗണിക്കുന്നു.
- കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുന്നു.
- പ്രക്രിയാ ശേഷികളിലൂന്നിയ പരിസരപഠന സമീപനം സാധ്യമാകുന്നു.
- നേരറിവിനുള്ള അവസരം ഒരുക്കുന്നു.

വിദ്യാലയം - മികവിന്റ കേന്ദ്രം

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഗുണമേന്മ വർധിപ്പിക്കുന്നതിനുമായി ഓരോ വിദ്യാലയത്തെയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻ നിർത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആരംഭിക്കുകയും അവ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു.

ബുക്ക് ബൈന്റിങ് പഠനം

കൊളവല്ലി ഗവണ്മെന്റ് എൽ. പി സ്കൂളിലെ ജീവനക്കാരനായ ശ്രീ. ഒ. കെ പീറ്ററിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ബുക്ക് ബൈന്റിംഗ് പരിശീലനം നടത്തുവാൻ സാധിച്ചു.തുടർന്ന് നടന്ന ഉപജില്ല പ്രവൃത്തി പരിചയ മേളയിൽ കുട്ടികൾക്ക് വിജയികളാവാനും സാധിച്ചു.

ശില്പശാലകൾ

കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി ഗണിതം,ശാസ്ത്രം, ഭാഷ ഇവയെ അടിസ്ഥാന-പ്പെടുത്തി ശില്പശാലകൾ സംഘടിപ്പിച്ചു.

പഠനോപകരണങ്ങളുടെ നിർമ്മാണം

വിദ്യാലയ പ്രദേശത്തെ പ്രഗത്ഭരെ കണ്ടെത്തുകയും അവരെ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള പഠനോപകരണങ്ങളുടെ നിർമ്മാണം നടത്തി.ഇതിലൂടെ പഠനം കൂടുതൽ ഫലവത്താക്കാൻ സാധിച്ചു.

പരിമിതികൾ :-

- എല്ലാകുട്ടികളും തുടർച്ചയായി ക്ലാസ്സിൽ ഹാജരാവാത്ത അവസ്ഥ. ഇത് മൂലം ഉണ്ടാകുന്ന പഠനവിടവ്.
- എല്ലാ ക്ലാസ്സുകളിലും മൾട്ടി മീഡിയ സൗകര്യം, നെറ്റ് വർക്ക് കണക്ഷൻ,വൈഫൈ കണക്ഷൻ എന്നി-വയുടെ അഭാവം.
- കലാ – കായിക പരിശീലനത്തിനായി വിദഗ്ദ്ധ പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

കഴിഞ്ഞ കാലങ്ങളിൽ നാം നടത്തിയ ക്രിയാത്മകരമായ ഇടപെടലുകളുടെ ഫലമാണ് ഇന്ന് നാം കാണുന്ന പൊതുവിദ്യാഭ്യാസ മേഖലയിൽ കാണുന്ന ഗുണാത്മകരമായ മാറ്റം.പൊതുവിദ്യാഭ്യാസ മേഖലയിൽ കുറെക്കൂടി ഗുണമേന്മ ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ കൂടി കൊണ്ടു വരേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ സമിതി രൂപീകരണം നടത്തി.

ലക്ഷ്യങ്ങൾ :-

- സാങ്കേതിക വിദ്യ,സൗഹൃദ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക വഴി അക്കാദമിക മികവ് വർദ്ധിപ്പിക്കുക.
- മൂല്യനിർണ്ണയ രീതി പരിഷ്ക്കരിക്കുക.
- അധ്യാപക പരിശീലന രീതി നവീകരിക്കുക.
- വിദ്യാഭ്യാസ രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ നൂതനമാക്കുക.
- ഗുണമേന്മ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥാപങ്ങൾ,ഇതര വകുപ്പുകൾ എന്നിവയുടെ സഹകരണം ഉറപ്പു വരുത്തുക.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

കഴിഞ്ഞ കാലങ്ങളിൽ നാം നടത്തിയ ക്രിയാത്മകരമായ ഇടപെടലുകളുടെ ഫലമാണ് ഇന്ന് നാം കാണുന്ന പൊതുവിദ്യാഭ്യാസ മേഖലയിൽ കാണുന്ന ഗുണാത്മകരമായ മാറ്റം.പൊതുവിദ്യാഭ്യാസ മേഖലയിൽ കുറെക്കൂടി ഗുണമേന്മ ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ കൂടി കൊണ്ടു വരേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ സമിതി രൂപീകരണം നടത്തി.

ലക്ഷ്യങ്ങൾ :-

- സാങ്കേതിക വിദ്യ,സൗഹൃദ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക വഴി അക്കാദമിക മികവ് വർദ്ധിപ്പിക്കുക.
- മൂല്യനിർണ്ണയ രീതി പരിഷ്ക്കരിക്കുക.
- അധ്യാപക പരിശീലന രീതി നവീകരിക്കുക.
- വിദ്യാഭ്യാസ രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ നൂതനമാക്കുക.
- ഗുണമേന്മ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥാപങ്ങൾ,ഇതര വകുപ്പുകൾ എന്നിവയുടെ സഹകരണം ഉറപ്പു വരുത്തുക.

വിഷയം : മലയാളം

വിഭാഗം : എൽ. പി

സ്കൂളിന്റെ പേര് : ജി. എൽ. പി സ്കൂൾ കൊളവള്ളി

അവസ്ഥാവിശകലനം :-

മലയാള ഭാഷാപഠനത്തിലെ അടിസ്ഥാനാശയങ്ങളിലും ശേഷികളിലും (അക്ഷരങ്ങൾ,ചിഹ്നങ്ങൾ) കഴിവ് നേടിയ 50% കുട്ടികൾ ഉണ്ട്.

പഠന പ്രവർത്തനത്തിന്റെ പേര് : " മധുരം മലയാളം "

പ്രതീക്ഷിത നേട്ടങ്ങൾ

- എല്ലാ പഠിതാക്കളും മലയാളഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടുന്നു.
- കുട്ടികളെ സ്വതന്ത്രരചനയ്ക്കും വായനയ്ക്കും പ്രാപ്തരാക്കുക
- സർഗ്ഗാത്മക രചനകൾ, സൃഷ്ടികൾ തയ്യാറാക്കുക

പ്രവർത്തന ഘട്ടങ്ങൾ

ഘട്ടം – 1

| പഠനപ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|
| • എസ് ആർ ജി ആലോചനയോഗം | SRG കൺവീനർ | വർഷാരംഭം | HM |
| • പ്രീ ടെസ്റ്റ് ടൂൾ തയ്യാറാക്കൽ | ടീച്ചേഴ്സ് | ആദ്യ ഒരാഴ്ച | |
| • പ്രീ ടെസ്റ്റ് വിലയിരുത്തൽ | ടീച്ചേഴ്സ് | | |
| ഗ്രൂപ്പ് തിരിക്കൽ | ക്ലാസ്സ് ടീച്ചേഴ്സ് | ആദ്യ മാസം | |
| • വിഭവസമാഹരണം TLM തയ്യാറാക്കൽ | ടീച്ചേഴ്സ് | ജൂൺ | |
| • CPTA | ക്ലാസ്സ്ടീച്ചേഴ്സ് | ജൂൺ | |
| • രക്ഷകർത്തൃ ബോധവത്കരണം | HM | വർഷം മുഴുവൻ | |
| • വീട്ടിൽ പഠനസന്ദർഭമൊരുക്കൽ | രക്ഷിതാക്കൾ | | |
| ഘട്ടം – 2 | | | |
| (മലയാളത്തിളക്കത്തിൽ തുടങ്ങി അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ,അക്ഷരകാർഡ് കഥാ ചാർട്ട്, കവിത ചാർട്ട്, ചിത്രകഥകൾ, കളിക്കുടുക്ക, മിന്നാമിന്നി, വിവിധതരം കളികളിലൂടെ വിവിധതരം കളികളിലൂടെ,പ്രകൃതി സൗഹൃദ പ്രവർത്തനങ്ങളിലൂടെ, ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തിക്കൊണ്ട് ഗണിത മൂല വായന മൂല ബാലസഭ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ) അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു. | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | വർഷം മുഴുവൻ | PTA ,HM |

| പഠന പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|
| • Post Test<br>• എസ് ആർ ജി അവലോകനം<br>• പരിഹാര പ്രവർത്തന പാക്കേജ്<br>• ആസൂത്രണം, നിർമ്മാണം,നിർവഹണം<br>• എല്ലാദിവസവും ഉച്ചയ്ക്ക് കഥാനേരം, കവിതാനേരം<br>(കുട്ടികൾ സ്വതന്ത്ര രചനയിൽ ഏർപ്പെടുന്നു, കഴിവുകൾ പ്രകടിപ്പിക്കുന്നു)<br>• സ്പെഷ്യൽ അസംബ്ലി ( ആഴ്ചയിൽ ഒന്നു വീതം )<br>(തങ്ങൾ രചിച്ച കഥകൾ,കവിതകൾ പ്രകടിപ്പിക്കുന്നു)<br><br>ഘട്ടം – 3<br><br>• ഭാഷാ ക്യാമ്പ് ( മാഗസിൻ നിർമ്മാണം )<br>• ഇഷ്ടത്തോടെ.... പിടിഎ,എസ് എസ് ജി എന്നിവ മുൻപിൽ അവതരണം | HM<br>ടീച്ചേഴ്സ്<br>ക്ലാസ് ടീച്ചേഴ്സ്<br>മുഴുവൻ ടീച്ചേഴ്സ്<br><br>HM ,PTA<br>ടീച്ചേഴ്സ്<br>മുഴുവൻ ടീച്ചേഴ്സ്<br>PTA | ജൂലൈ<br>വർഷം മുഴുവൻ<br>ആഴ്ച്ചയിൽ ഒന്ന്<br>വർഷാവസാനം<br><br>ഓഗസ്റ്റ്<br>വർഷാവസാനം | HM<br>HM<br><br>HM , ടീച്ചേഴ്സ് |

വിഷയം : ഇംഗ്ലീഷ്
വിഭാഗം : എൽ. പി
സ്കൂളിന്റെ പേര് : ജി. എൽ. പി സ്കൂൾ കൊളവള്ളി

അവസ്ഥാ വിശകലനം:-

ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ അടിസ്ഥാന ആശയങ്ങളിൽപ്പെട്ട Listening, Speaking, Reading, Writting എന്നിവയിൽ മികവ് പുലർത്തുന്ന 40% കുട്ടികളുണ്ട്

പഠന പ്രവർത്തനത്തിന്റെ പേര് : ' E ' for English

പ്രതീക്ഷിത പഠന നേട്ടങ്ങൾ

- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടുകൂടിയും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- ഇംഗ്ലീഷ് ഭാഷ പഠനശേഷി വികസിപ്പിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക
- സർഗാത്മക രചനകൾ, സൃഷ്ടികൾ തയ്യാറാക്കുന്നതിന് പ്രാപ്തരാക്കുക

പ്രവർത്തന ഘട്ടങ്ങൾ

ഘട്ടം – 1

| പഠന പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|
| • എസ്. ആർ ജി ആലോചനയോഗം | എസ്.ആർ.ജി കൺവീനർ | ജൂൺ ആരംഭം | HM |
| • പ്രീ ടെസ്റ്റ് ടൂൾ തയ്യാറാക്കൽ | ടീച്ചേഴ്സ് | ആദ്യ ആഴ്ച | |
| • പ്രീ ടെസ്റ്റ് വിലയിരുത്തൽ | | | |
| • വിഭവ സമാഹരണം TLM തയ്യാറാക്കൽ | ടീച്ചേഴ്സ് | ജൂൺ | |
| • സി പി ടി എ | ടീച്ചേഴ്സ് | ജൂലൈ | |
| • രക്ഷാകർതൃ ബോധവൽക്കരണം | HM | ജൂലൈ | ടീച്ചർ |
| • വീട്ടിൽ പഠനപ്രവർത്തന സന്ദർഭം ഒരുക്കൽ | രക്ഷിതാക്കൾ | വർഷം മുഴുവൻ | |
| ഘട്ടം – 2<br>പഠന പ്രവർത്തനങ്ങൾ<br>( ഹലോ ഇംഗ്ലീഷിൽ ഉടങ്ങി ലിസണിങ്, സ്പീക്കിംഗ്, എന്നിവയ്ക്ക് ധാരാളം അവസരങ്ങൾ ഒരുക്കുന്നു. | HM | വർഷം മുഴുവൻ | |
| IT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. stories, rhymes, games, എന്നിവയിലൂടെ താല്പര്യം ജനിപ്പിക്കുന്നു | ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | |
| Drama, skit,ലൈബ്രറി,ബാലസഭ,ഇംഗ്ലീഷ് ക്ലബ്ബ് എന്നിവയിലൂടെ കേൾക്കാനും പറയാനുമുള്ള അവസരം ഒരുക്കുന്നു | SMC | വർഷാവസാനം | |

| പഠന പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|
| • Post test | ക്ലാസ് ടീച്ചർ | | HM, PTA |
| • എസ്. ആർ ജി അവലോകനം | HM | | |
| • പരിഹാര പ്രവർത്തന പാക്കേജ് ആസൂത്രണം,നിർമ്മാണം,നിർവഹണം | എസ്. ആർ ജി കൺവീനർ | | HM |
| • ഇംഗ്ലീഷ് ബാലസഭ, ഇംഗ്ലീഷ് അസംബ്ലി | ക്ലാസ് ടീച്ചർ | ആഴ്ചയിൽ ഒരിക്കൽ | HM |
| ഘട്ടം – 3 | | | |
| • ഇംഗ്ലീഷ് ഭാഷ ക്യാമ്പ് | HM, PTA | സെപ്റ്റംബർ | HM |
| • ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം | | സെപ്റ്റംബർ | HM |
| • ഇഷ്ടത്തോടെ... പിടിഎ, എസ് എസ് ജി എന്നിവരുടെ മുന്നിൽ അവതരണം | HM, staff | ഫെബ്രുവരി | HM |

വിഷയം : പരിസരപഠനം

വിഭാഗം : എൽ. പി

സ്കൂളിന്റെ പേര് : ജി. എൽ. പി. സ്കൂൾ കൊളവള്ളി

അവസ്ഥാ വിശകലനം :

ശാസ്ത്രപഠനത്തിലെ അടിസ്ഥാന ആശയങ്ങളും മനോഭാവങ്ങളും ശേഷികളും ശാസ്ത്രീയമായി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നേടുന്നതിന് പ്രാപ്തരായ 50% കുട്ടികൾ ഉണ്ട്.

പ്രവർത്തനത്തിന്റെ പേര് : " ഞാനും ഒരു ശാസ്ത്രജ്ഞൻ "

ചുമതല : ടീച്ചേർസ്, പി. ടി. എ

പ്രതീക്ഷിത നേട്ടങ്ങൾ :

- മുഴുവൻ കുട്ടികളെയും ശാസ്ത്രപഠന നൈപുണി ഉള്ളവരാക്കുക.
- ശാസ്ത്രപഠന ശേഷി വികസിപ്പിക്കുക.
- ശാസ്ത്ര പഠനത്തിലെ അടിസ്ഥാന ആശയങ്ങളും, ശേഷികളും, മനോഭാവങ്ങളും ഉറപ്പിക്കുക.
- ലഘുപരീക്ഷണങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രം ഗവേഷണമാണെന്ന് തെളിയിക്കുക.
- ശാസ്ത്ര പുരോഗതികളിൽ പങ്കാളികളാകുക

പ്രവർത്തന ഘട്ടങ്ങൾ :

ഘട്ടം – 1

| പ്രവർത്തനങ്ങൾ | ചുമതല | കാലഘട്ടം | മോണിറ്ററിംഗ് |
|---|---|---|---|
| • എസ്. ആർ. ജി ആലോചനാ യോഗം | SRG കൺവീനവർ | ജൂൺ | HM |
| • പ്രീ – ടെസ്റ്റ് തയ്യാറാക്കൽ | അധ്യാപകർ | വർഷാരംഭം | |
| • പ്രീ – ടെസ്റ്റ് വിലയിരുത്തൽ | അധ്യാപകർ | ജൂൺ | |
| • ഗ്രൂപ്പ് തിരിക്കൽ | ക്ലാസ്സ് ടീച്ചേർസ് | ജൂൺ | |
| • CPTA | HM | വർഷാരംഭം | |
| • രക്ഷകർത്തൃബോധവത്ക്കരണം | രക്ഷിതാക്കൾ | വർഷാരംഭം | |
| • വീട്ടിൽ പഠന സന്ദർഭമൊരുക്കൽ | | വർഷം മുഴുവൻ | |
| ഘട്ടം – 2 | | | |
| പഠനപ്രവർത്തനങ്ങൾ<br>ശാസ്ത്രമൂല, ലാബ്,ശാസ്ത്രമാസികകൾ, ക്വിസ് മത്സരങ്ങൾ,പത്രം, പരീക്ഷണ-നിരീക്ഷണങ്ങൾ,നോട്ടീസ് ബോർഡ്,ഫീൽഡ് ട്രിപ്പ്, നിർമ്മാണ ശാലകൾ സന്ദർശിക്കൽ, പതിപ്പ് തയ്യാറാക്കൽ,മാഗസിനുകൾ, ICT സാധ്യതകൾ,കട്ടിങ്ങ്സ്, ആൽബങ്ങൾ,എന്നിവ പരമാവധി ഉപയോഗപ്പെടുത്തി കുട്ടികളിലെ | ക്ലാസ്സ് ടീച്ചേർസ് | വർഷം മുഴുവൻ<br>വർഷം മുഴുവൻ | HM |

| പഠനപ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | മോണിറ്ററിംഗ് |
|---|---|---|---|
| ശാസ്ത്രാഭിമുഖ്യം, ശാസ്ത്രപഠന ശേഷി,ഗവേഷണത്വം,എന്നിവ പരീക്ഷണ – നിരീക്ഷണങ്ങൾ, നിഗമനങ്ങൾ എന്നിവയിലൂടെ വളർത്തിയെടുക്കുന്നു. | ക്ലാസ്സ് ടീച്ചർ<br>ടീച്ചേഴ്സ് | | എച്ച്. എം. |
| അന്വേഷണങ്ങളിലൂടെ, നിരീക്ഷണങ്ങളിലൂടെ,താരതമ്യത്തിലൂടെ,തരം തിരിക്കലിലൂടെ അപഗ്രഥനവും നിഗമനത്തിൽ എത്തുന്നതിലൂടെ, ശാസ്ത്രകുറിപ്പുകളിലൂടെ, നിർമ്മാണങ്ങളിലൂടെ തങ്ങൾ കണ്ടെത്തിയ/നിർമ്മിച്ച നിഗമനങ്ങൾ, സൃഷ്ടികൾ അവതരിപ്പിക്കുന്നു. | ടീച്ചേഴ്സ് | വർഷം മുഴുവൻ | എച്ച്. എം. |
| ശാസ്ത്ര മാസികകൾ,ഡയറി കുറിപ്പുകൾ,ആൽബം, കട്ടിങ്ങുകൾ,ആത്മകഥകൾ, ശേഖരണങ്ങൾ | | | എച്ച്. എം. |
| ഘട്ടം – 3 | | | |
| • ലഘുപരീക്ഷണങ്ങൾ | ടീച്ചേഴ്സ് | | എച്ച്. എം. |
| • പഠനോപകരണ നിർമ്മാണം | ടീച്ചേഴ്സ് | വർഷം മുഴുവൻ | പി. റ്റി. എ |
| • ശാസ്ത്രമേള | | വർഷം മുഴുവൻ | |
| • ഇഷ്ടത്തോടെ... | എച്ച്. എം | | |
| (ശാസ്ത്ര കൗതുകം- പ്രദർശനം ശാസ്ത്ര മേള ) | ടീച്ചേഴ്സ് | | എച്ച്. എം.<br>പി. റ്റി. എ |
| PTA, SSG etc.. മുന്നിൽ പ്രദർശനം | പി. റ്റി. എ | വർഷാവസാനം | എസ്. എസ്. ജി |

സ്കൂളിന്റെ പേര് : ജി എൽ. പി സ്കൂൾ കൊളവള്ളി

വിഭാഗം : എൽ. പി

വിഷയം : ഗണിതം

അവസ്ഥാ വിശകലനം :-

- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും,മനോഭാവങ്ങളിലും കഴിവ് നേടിയ 50% കുട്ടികൾ ഉണ്ട്.

പ്രവർത്തനത്തിന്റെ പേര് : 'കലനം '

പ്രതീക്ഷിത നേട്ടങ്ങൾ :-

- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ,മനോഭാവങ്ങൾ,ശേഷികൾ ഇവ മുഴുവൻ കുട്ടികളും കൈവരിക്കുന്നു, ഗണിത കേളികളിൽ ഏർപ്പെടുന്നു.
- ചതുഷ്ക്രിയകൾ സുഗമമായി കൈകാര്യം ചെയ്യുന്നു.
- ഗണിതപ്രവർത്തനങ്ങളിൽ താല്പര്യപൂർവ്വം ഏർപ്പെടുന്നു.
- ഗണിതവുമായി ബന്ധപ്പെട്ട രചനകൾ /സൃഷ്ടികൾ തയ്യാറാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

ഘട്ടം -1

| പ്രവർത്തനങ്ങൾ | ചുമതല | നിർവഹണ കാലഘട്ടം | മോണിറ്ററിംഗ് |
|---|---|---|---|
| • എസ്. ആർ. ജി ആലോചനാ യോഗം | • എസ്. ആർ. ജി കൺവീനർ | ജൂൺ | ഹെഡ് മാസ്റ്റർ |
| • പ്രീ -ടെസ്റ്റ് തയ്യാറാക്കൽ<br>• പ്രീ -ടെസ്റ്റ് വിലയിരുത്തൽ | • അധ്യാപകർ<br>• അധ്യാപകർ | ജൂൺ | ഹെഡ് മാസ്റ്റർ<br>ഹെഡ് മാസ്റ്റർ |
| • ഗ്രൂപ്പ് തിരിക്കൽ<br>• വിഭവ സമാഹരണം | • ക്ലാസ്സ് ടീച്ചർ<br>• അധ്യാപകർ | ജൂൺ | ഹെഡ് മാസ്റ്റർ<br>ഹെഡ് മാസ്റ്റർ |
| • റ്റി . എൽ. എം തയ്യാറാക്കൽ<br>• ക്ലാസ്സ് പി റ്റി എ | • അധ്യാപകർ<br>• ക്ലാസ്സ് ടീച്ചർ | ജൂലൈ | ഹെഡ് മാസ്റ്റർ<br>ഹെഡ് മാസ്റ്റർ |

ഘട്ടം – 2

പഠനപ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | ചുമതല | നിർവഹണ കാലഘട്ടം | മോണിറ്ററിംഗ് |
|---|---|---|---|
| ഗണിതകിറ്റുകൾ,പഠനോപകരണങ്ങൾ,ഗണിതലാബ്,ഗണിതമൂല എന്നിവ പരമാവധി ഉപയോഗിച്ച് കളികളിലൂടെ, ചിത്രരചനയിലൂടെ സംഖ്യ പാട്ടുകളിലൂടെ, ആക്ടിവിറ്റികളിലൂടെ, സംഖ്യകാർഡുകളിലൂടെ വർക്ക് | ക്ലാസ്സ്ടീച്ചർ | വർഷം മുഴുവൻ | |
| ഷീറ്റുകളിലൂടെ, ചിത്രകാർഡുകളിലൂടെ, ഐ. സി. റ്റി. സാധ്യതകളിലൂടെ പ്രകൃതിയിലൂടെ, ജ്യാമിതീയ രൂപങ്ങളി ലൂടെ, ഗണിത ചിന്തകളിലൂടെ, ഗണിത സൃഷ്ടികളിലൂടെ,യുക്തി ചിന്തയിലൂടെ,വിശകലന ശേഷിയിലൂടെ | | വർഷം മുഴുവൻ | |
| ചതുഷ്-ക്രിയകൾ ഗണിതമേളയിലൂടെ ഗണിതാശയങ്ങൾ ശേഷികൾ എന്നിവ ഉപയോഗിക്കുന്നു. | | വർഷം മുഴുവൻ | |
| Post Test<br>• SRG അവലോകനം | class Teachers | ജൂലൈ | PTA, HM |
| • പരിഹാര പ്രവർത്തന പാക്കേജ് – ആസൂത്രണം, നിർമ്മാണം, നിർവഹണം<br>• എല്ലാ ദിവസവും വൈകിട്ട് 3 മണിക്ക് " കളിക്കാം, പഠിക്കാം,രസിക്കാം " ( കുട്ടികൾ ഗണിതവുമായി ബന്ധപ്പെട്ട സൃഷ്ടികളിൽ / കേളികളിൽ ഏർപ്പെടുന്നു./ കഴിവുകൾ പ്രകടിപ്പിക്കുന്നു.) | H M & Teachers | | |
| • സ്പെഷ്യൽ അസംബ്ലി (ആഴ്ച്ചയിൽ ഒന്ന് വീതം) (തങ്ങൾ രചിച്ച /നിർമ്മിച്ച ഗണിത സൃഷ്ടികൾ അവതരിപ്പിക്കുന്നു.) (പറ്റേൺസ്, പസ്സിൽസ്,ചിത്ര പാറ്റേണുകൾ തുടങ്ങിയവ.) | All Teachers | ആഴ്ച്ചയിൽ ഒന്ന് | HM |
| ഘട്ടം – 3<br>ഗണിതക്യാമ്പ് – പഠനോപകരണ നിർമ്മാണം.പാറ്റേണുകൾ,ഗണിത ആസ്വാദനം | H M & Teachers | ഒക്ടോബർ | |
| ഇഷ്ടത്തോടെ.... പി. ടി. എ, എസ്. എസ്. ജി യുടെ മുന്നിൽ അവതരണം. | PTA, HM, sraff | വർഷാവസാനം | HM & Teachers |